പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. T.1253

15.06.2012 ൽ മറുപടി നല്കേണ്ടിയിരുന്നത്

# മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടി

| ചോദ്യം | ഉത്തരം |
|---|---|
| ഡോ. കെ. ടി. ജലീൽ | ശ്രീ. കെ.സി. ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) |

എ) മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയിൽ മലപ്പുറം ജില്ലയിൽ നിന്നും എ.പി.എൽ വിഭാഗത്തിൽപ്പെട്ടവരെ ബി.പി.എൽ വിഭാഗത്തിൽ ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെട്ട് എത്ര അപേക്ഷകൾ സർക്കാരിന് ലഭിച്ചു;

എ) ആകെ 8 അപേക്ഷകൾ ലഭിച്ചു. എ.പി.എൽ വിഭാഗത്തിൽപ്പെട്ടവരെ ബി.പി.എൽ വിഭാഗത്തിൽ മാറ്റണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ളതാണ് 5 അപേക്ഷകൾ. 3 എണ്ണം 2009-ൽ നടന്ന സർവ്വേയുടെ അടിസ്ഥാനത്തിൽ പ്രസിദ്ധീകരിച്ച ബി.പി.എൽ പട്ടികയിലെ അപാകതകൾ പരിഹരിച്ച് പുതുതായി ആളുകളെ ഉൾപ്പെടുത്തണമെന്നാവശ്യപ്പെട്ടുകൊണ്ട് പൊതു പ്രവർത്തകർ സമർപ്പിച്ചിട്ടുള്ളതാണ്.

ബി) ഇതിൽ എത്ര അപേക്ഷകരെയാണ് ബി.പി.എൽ ലിസ്റ്റിൽ ഉൾപ്പെടുത്തിയത് ;

ബി) ബി.പി.എൽ പട്ടികയിന്മേലുള്ള ആക്ഷേപങ്ങൾ/പരാതികൾ/അപേക്ഷകൾ SECC എന്യൂമറേറ്റർമാരെ ഉപയോഗിച്ച് പുനഃപരിശോധിക്കുവാൻ സർക്കാർ ഉത്തരവായെങ്കിലും തൽക്കാലം ഈ തീരുമാനം നടപ്പിലാക്കേണ്ട എന്നും ആവശ്യമെങ്കിൽ സാമൂഹിക സാമ്പത്തിക ജാതി സെൻസസിനുശേഷം ഈ പരാതികൾ അന്വേഷിക്കാവുന്നതാണെന്നും 27.04.12 ലെ സ.ഉ (സാധാ) നം. 1205/2012/തസ്വഭവ നം പ്രകാരം ഉത്തരവായിട്ടുണ്ട്. തദവസരത്തിൽ ടി പരാതികളും അന്വേഷിച്ച് അർഹരായവരെ ബി.പി.എൽ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതാണ്.

| | | | |
|---|---|---|---|
| സി) | ഇതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | സി) | ബി.പി.എൽ പട്ടിക തയ്യാറാക്കാൻ സ്വീകരിച്ച അതേ മാനദണ്ഡങ്ങൾ തന്നെയാണ് പരാതികൾ അന്വേഷിച്ച് തീർപ്പാക്കുന്നതിനും സ്വീകരിക്കുന്നത്. |
| ഡി) | ഇതിനായി എന്തെല്ലാം രേഖകളാണ് അപേക്ഷകർ അപേക്ഷയുടെ കൂടെ സമർപ്പിക്കേണ്ടത് എന്ന് വിശദമാക്കാമോ ; | ഡി) | പ്രത്യേകിച്ച് രേഖകളൊന്നും സമർപ്പിക്കേണ്ടതില്ല. അപേക്ഷകൾ വെള്ള കടലാസിൽ എഴുതി സമർപ്പിച്ചാൽ മതിയാകും. |
| ഇ) | ഇതേ മാനദ്ണ്ഡമുള്ള ആളുകളെ ഇനിയും ബി.പി.എൽ ലിസ്റ്റിൽ ഉൾപ്പെടുത്തുന്ന കാര്യം സർക്കാർ പരിഗണിക്കുമോ ? | ഇ) | ഇത്തരത്തിലുള്ള പരാതികൾ ലഭിക്കുകയാണെങ്കിൽ ബി.പി.എൽ ലിസ്റ്റിന്മേലുള്ള പരാതികൾ/ആക്ഷേപങ്ങൾ പരിശോധിച്ച് തീർപ്പ് കൽപ്പിക്കുന്ന അവസരത്തിൽ ടി പരാതികളും പരിഗണിച്ച് ബി.പി.എൽ ലിസ്റ്റിൽ ഉൾപ്പെടാൻ അർഹരാണെങ്കിൽ ഇവരെയും ബി.പി.എൽ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ